പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം. 874

10.06.2019-ൽ മറുപടിയ്ക്ക്

## കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം

**ചോദ്യം**

ശ്രീമതി യു. പ്രതിഭ

**ഉത്തരം**

ശ്രീ. എ. കെ. ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

എ) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കപ്പെട്ട കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനും ഇവിടെ നിർമ്മിച്ചിട്ടുള്ള കൃത്രിമ തടാകത്തിൽ ഒരുക്കിയിട്ടുള്ള പെഡൽ ബോട്ട് സംവിധാനങ്ങൾ പൊതുജനങ്ങൾക്ക് ഉല്ലാസത്തിനായി വിട്ടുനൽകുന്നതിനും വേണ്ട നടപടികൾ വേഗത്തിലാക്കുമോ;

ബി) ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും പ്രസ്തുത പദ്ധതി യഥാർത്ഥ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

എ) & ബി) ലോക പ്രസിദ്ധ കാർട്ടൂണിസ്റ്റ് ശ്രീ. ശങ്കറിന്റെ സ്മരണാർത്ഥം നിർമ്മിച്ച കാർട്ടൂണിസ്റ്റ് ശങ്കർ മ്യൂസിയത്തിന് അനുബന്ധമായ സ്ഥലത്താണ് കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം ആരംഭിച്ചത്. റവന്യൂ വകുപ്പിന്റെ 15/11/2014 -ലെ സ.ഉ.(കൈ)474/2014/റവ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കൃഷ്ണപുരം വില്ലേജിൽ ഉൾപ്പെട്ട റീസർവ്വേ നം. 90/2 ആയ 1.57.96 ഹെക്ടർ ഭൂമിയിൽ കാർട്ടൂണിസ്റ്റ് ശങ്കർ മ്യൂസിയം ആരംഭിക്കുന്നതിനാണ് റവന്യൂ വകുപ്പ് സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുള്ളത്. എന്നാൽ കാർട്ടൂൺ മ്യൂസിയത്തിന് അനുബന്ധമായുള്ള ഭൂമിയിൽ മുൻ സ്ഥലം എം.എൽ.എ/എം.പി മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ സാംസ്കാരിക കാര്യ വകുപ്പിന്റെ പങ്കാളിത്തമുണ്ടായിട്ടില്ല. ടി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, പ്രവർത്തനം ആകർഷമാക്കുന്നതിനുതകുന്ന തരത്തിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ലഭ്യമാക്കിയ വിശദമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആയത് പരിശോധിച്ച് ഈ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ